**പതിമൂന്നാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4222 27-06-2013-ൽ മറുപടിയ്ക്ക്

**വിദ്യാലയങ്ങളിലെ റാഗിംഗ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ : | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ റാഗിംഗ് തടയുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | എ) 'UGC Regulations on curbing the menace of ragging in higher educational institutions 2009', Kerala prohibition of Ragging Act 1998 എന്നീ റാഗിംഗ് നിരോധന നിയമങ്ങൾ നടപ്പിലാക്കിയതിന്റെ പിൻബലത്തിൽ സംസ്ഥാന സർക്കാരും, സർവ്വകലാശാ - ലകളും, റാഗിംഗ് ഇല്ലാതാക്കാൻ മുൻകരുതൽ എടുത്തിട്ടുണ്ട്. ഇതിനനുസരിയായി, റാഗിംഗ് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ഇപ്രകാരമാണ്.<br>a) സുപ്രീംകോടതിയുടെയും, യു.ജി.സി യുടെയും നിർദ്ദേശപ്രകാരം എല്ലാ കോളേജുകളിലും, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആന്റി റാഗിംഗ് കമ്മിറ്റി, സ്ക്വാഡ് എന്നിവ രൂപീകരിച്ചിട്ടുണ്ട്. സ്ക്വാഡുകൾ പ്രവർത്തിക്കുന്നത് കോളേജുതല ആന്റി - റാഗിങ് കമ്മറ്റിയുടെ കീഴിലാണ്. പ്രിൻസിപ്പാൾ തലവനായ സ്ക്വാഡിൽ വിദ്യാർത്ഥികൾക്കു പുറമെ അദ്ധ്യാപകർ, |

(മറുപുറം)

| | |
|---|---|
| | ഹോസ്റ്റൽ വാർഡൻമാർ തുടങ്ങിയവർ ഉൾപ്പെടുന്നു. ആന്റി റാഗിങ് കമ്മറ്റിയിൽ വകുപ്പുതലവന്മാർ, പോലീസ് മേധാവികൾ, ലോക്കൽ മീഡിയാ പ്രതിനിധികൾ, രക്ഷകർത്താക്കളിൽ നിന്നുള്ള പ്രതിനിധികൾ, ഭരണാധികാരികളിൽ നിന്നുള്ള പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്നു. ജില്ലാ കളക്ടർ/ജില്ലാമജിസ്ട്രേറ്റ് - ന്റെ നേതൃത്വത്തിൽ ജില്ലാതല ആന്റി റാഗിങ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. കോളേജുതല കമ്മറ്റികളും സ്ക്വാഡുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോയെന്ന പരിശോ-ധിക്കുകയാണ് ഇതിന്റെ ലക്ഷ്യം. കേരളസ്റ്റേറ്റ് ലീഗൽ സർവീസ്സസ് അതോറിറ്റിയുടെയും, സർവ്വകലാശാലതല റാഗിംഗ് വിരുദ്ധ സെല്ലിന്റെയും സംയുക്താഭിമുഖ്യത്തിൽ എല്ലാവർഷവും വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും വേണ്ടി റാഗിംഗ് നിയമാവബോധന ക്ലാസ്സുകൾ നടത്താറുണ്ട്. സർവ്വകലാശാലാ യൂണിയന്റെ സഹകരണത്തോടെ കാമ്പസുകളിൽ എല്ലാവർഷവും റാഗിംഗിനെതിരെ പോസ്റ്റർ പ്രചരണവും സംഘടിപ്പിച്ചുവരുന്നു. റാഗിംഗ് പരാതികളെക്കുറിച്ചും, റാഗിംഗ് വിരുദ്ധ സെല്ലിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും, സമഗ്രമായ റിപ്പോർട്ട് ചാൻസലർ കൂടിയായ ഗവർണ്ണർക്ക് എല്ലാ മാസവും സമർപ്പിക്കാറുണ്ട്. കൂടാതെ യു.ജി.സി. നിർദ്ദേശപ്രകാരം സർവ്വകലാശാലതല- |

(മറുപുറം)

| | |
|---|---|
| | ത്തിൽ റാഗിംഗ് തടയുന്നതിന് വൈസ് ചാൻസിലർ ചെയർമാനായി ഒരു ഉന്നതതല മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. അഡ്മിഷന്റെ ഭാഗമായിത്തന്നെ പ്രോസ്പെക്ടസിൽ റാഗിംഗിന് നൽകുന്ന ശിക്ഷകളെപ്പറ്റി വിവരം നൽകുന്നുണ്ട്. റാഗിംഗ് സംബന്ധമായ ആരോപണം ഉയർന്നാൽ ബന്ധപ്പെട്ട വിദ്യാർത്ഥിയെ സസ്പെന്റ് ചെയ്യുകയും കേസ് കൂടുതൽ അന്വേഷണത്തിനായി പോലീസിന് കൈമാറുകയും ചെയ്യുന്നുണ്ട്. വിദ്യാർത്ഥി കുറ്റക്കാരനാണെന്ന് കണ്ടാൽ വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും പുറത്താക്കുകയും മറ്റ് നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യും.<br>b) എല്ലാ വകുപ്പ് മേധാവികളുടെയും, ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരു-ടെയും ഫോൺ നമ്പറുകൾ പതിപ്പിച്ചിട്ടുള്ള പോസ്റ്ററുകൾ എല്ലാ പൊതുസ്ഥലങ്ങളിലും പ്രദർശിപ്പിച്ചിട്ടുണ്ട്.<br>c) ഹോസ്റ്റലുകളിലെ റാഗിംഗ് നിയന്ത്രിക്കുവാനായി വാർഡൻമാരെയും, മേട്രൻമാരെയും ചുമതലപ്പെടുത്താറുണ്ട്.<br>d) പുതുതായി അഡ്മിഷൻ ലഭിച്ച കുട്ടികളുടെ കാര്യത്തിൽ അദ്ധ്യാപകർ പ്രത്യേക പരിഗണന നൽകാറുണ്ട്. |
| ബി) 2012-13 വിദ്യാഭ്യാസ വർഷത്തിൽ റാഗിംഗുമായി ബന്ധപ്പെട്ട് എത്ര സംഭവങ്ങൾ റിപ്പോർട്ടു ചെയ്തു; ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ? | ബി) 2012-13 വിദ്യാഭ്യാസ വർഷം റാഗിംഗുമായി ബന്ധപ്പെട്ട് റിപ്പോർട്ട് ചെയ്ത പരാതികൾ ഇപ്രകാരമാണ്.<br>i) കോട്ടയം BCM College for |

| | |
|---|---|
| | women ലെ വിദ്യാർത്ഥിനി UGC Anti-ragging Helpline മുഖേന യൂണിവേഴ്സിറ്റിയിൽ റിപ്പോർട്ട് ചെയ്ത പരാതി ടി പരാതിക്കാരി തന്നെ പിൻവലിച്ച വിവരം കോളേജ് പ്രിൻസിപ്പാൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>ii) ഇടുക്കി പുറ്റടി ഹോളിക്രോസ് കോളേജിൽ നിന്നും റിപ്പോർട്ട് ചെയ്ത റാഗിംഗ് പരാതിയിൻ മേൽ യൂണിവേഴ്സിറ്റി നോഡൽ ഓഫീസറുടെ നിർദ്ദേശ പ്രകാരം യു.ജി.സി റെഗുലേഷൻ അനുസരിച്ച് കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ച വിവരം കോളേജ് പ്രിൻസിപ്പാൾ അറിയിച്ചിട്ടുണ്ട്.<br>iii) 2012-13 വിദ്യാഭ്യാസ വർഷത്തിൽ റാഗിംഗുമായി ബന്ധപ്പെട്ട് കേരള സർവ്വകലാശാലയുടെ പരിധിയിലുള്ള കോളേജുകളിൽ നിന്ന് അഞ്ച് റാഗിംഗ് കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ട വിദ്യാർത്ഥികളെ പ്രസ്തുത കോളേജുകളിൽ നിന്ന് സസ്പെന്റ് ചെയ്യുകയും, അതതു പോലീസ് സ്റ്റേഷനുകളിൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കോളേജുകളിലെ ആന്റി റാഗിംഗ് കമ്മിറ്റി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br>iv) തിരുവനന്തപുരം ഗവ. ലോകോളേജിൽ 2012-13 വിദ്യാഭ്യാസ വർഷത്തിൽ റാഗിംഗുമായി ബന്ധപ്പെട്ട് |

| | |
|---|---|
| | ഒരു സംഭവം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. പ്രതികളായ വിദ്യാർത്ഥികളെ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തുകയും സംഭവം പോലീസിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തു.<br>v) കാലിക്കറ്റ് സർവ്വകലാശാല പരിധിയിൽ റാഗിംഗുമായി ബന്ധപ്പെട്ടുള്ള പരാതികളുടെ വിശദാംശം അനുബന്ധം (1) ൽ കൊടുത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

(മറുപുറം)

വി.ക്ഷേ.വ.(3)/നി.ചോ/2013

തീയതി: 29.06.2013

അനുബന്ധം 1

## 2012–13 അദ്ധ്യയനവർഷത്തിലെ റാഗിംഗ് പരാതികളെസംബന്ധിച്ച റിപ്പോർട്ട്

| ക്രമ നമ്പർ | പരാതി നമ്പർ | തീയതി | പരാതിക്കാരുടെ പേരും കോളേജും | പരാതിയിൻമേൽ കൈക്കൊണ്ട നടപടികൾ |
|---|---|---|---|---|
| 1 | KR 44 | 12.04.2012 | അസ്ലം, ഷാൻ - എ.ഡബ്ള്യു.എച്ച്.എൻജിനീയിറിംഗ് കോളേജ്, കുറ്റിക്കാട്ടൂർ | അന്വേഷണത്തിൽ, പരാതിയിൽ ആരോപിക്കപ്പെട്ട വിഷയങ്ങൾ വ്യാജമാണെന്ന് തെളിഞ്ഞതിനെ തുടർന്ന് പരാതി തള്ളി. |
| 2 | ARCC/KR-105 | 03.08.2012 | ഫാഹിംഹാഫിസ് - ഇ.എം.ഇ.എ കോളേജ്, കൊണ്ടോട്ടി | കോളേജ്തല അന്വേഷണത്തിൽ ആരോപണം ശരിയാണെന്ന് കണ്ടെത്തുകയും കുറ്റക്കാരായ വിദ്യാർത്ഥികളെ കോളേജിൽ നിന്നും പുറത്താക്കുകയും ചെയ്തു. |
| 3 | ARCC/KR-106 | 04.08.2012 | പ്രവീൺകുമാർ സി.എം. -എം.ഇ.എ എൻജിനീയറിംഗ് കോളേജ്, പെരിന്തൽമണ്ണ. | സർവ്വകലാശാലാതല റാഗിംഗ് വിരുദ്ധ സമിതിയുടെ അന്വേഷണത്തിൽ ആരോപണങ്ങളിൽ കഴമ്പുണ്ടെന്ന് കണ്ടെത്തി കുറ്റക്കാരെ സസ്പെന്റ് ചെയ്തു.പരാതിക്കാരന്റെ അപേക്ഷ പരിഗണിച്ച് കോളേജ് ട്രാൻസ്ഫർ അനുവദിച്ചു. |
| 4 | ARMA/KR-179 | 01.09.2012 | നൗഫാൽ - എം.ഇ.എസ് കോളേജ്, വടകര | പരാതിയിൽ പറഞ്ഞ കാര്യങ്ങൾ വാസ്തവ വിരുദ്ധമാണെന്ന കോളേജ്തല റാഗിംഗ് വരുദ്ധസമിതിയുടെ റിപ്പോർട്ട് ശരി വച്ചു കൊണ്ട് തുടർനടപടികൾ അവസാനിപ്പിച്ചു. |
| 5 | ARMA/KR-216 | 13.09.2012 | വസീം നവാസ് - ഇ.എം.ഇ.എ കോളേജ്, കൊണ്ടോട്ടി | കോളേജ്തല റാഗിംഗ് വിരുദ്ധസമിതിയുടെ അന്വേഷണത്തിൽ കുറ്റക്കാരെന്നു തെളിഞ്ഞ വിദ്യാർത്ഥികളെ കോളേജിൽ നിന്നും പുറത്താക്കി. |
| 6 | ARMA/KR-385 | 07.02.2013 | മൻസൂർ - എം.ഇ.ടി. കോളേജ്, നാദാപുരം | കോളേജ്തല റാഗിംഗ് വിരുദ്ധസമിതിയുടെ അന്വേഷണത്തിൽ പരാതിക്ക് ആധാരമായ സംഭവം, റാഗിംങ് അല്ല വിദ്യാർത്ഥി സംഘട്ടനമാണെന്ന് കണ്ടെത്തുകയും തുടർനടപടികൾ അവസാനിപ്പിക്കുകയും ചെയ്തു. |
| 7 | ARMA/KL-425 | 06.03.2013 | മുഹമ്മദ് സഫ്‌വാൻ -ഐ.ഇ.എസ്.കോളേജ്, ചിറ്റിലപ്പിള്ളി | കോളേജ്തല റാഗിംഗ് വിരുദ്ധസമിതിയുടെ അന്വേഷണത്തിൽ കുറ്റക്കാരെന്നു കണ്ടെത്തിയ വിദ്യാർത്ഥികളെ കോളേജിൽ നിന്നും സസ്പെന്റ് ചെയ്തു. |

സെക്ഷൻ ഓഫീസർ